(ഇ) 2004-2005 സാമ്പത്തിക വർഷത്തിൽ രോഗികൾക്ക് കിടത്തി ചികിത്സ നൽകിയിട്ടില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെ 260 രോഗികളെ ചികിത്സ നൽകി നിരീക്ഷണത്തിനായി കിടത്തിയിട്ടുണ്ട്.

നെടുമൺകാവ് പി. എച്ച്. സി.-യിൽ കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി

150 [1677] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട നെടുമൺകാവ് പി. എച്ച്. സി.-യിൽ രോഗികളെ കിടത്തി ചികിത്സ നിർത്തിവെച്ചത് എന്നുമുതലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നെടുമൺകാവ് പി. എച്ച്. സി.-യിൽ നിലവിലുള്ള തസ്തികകൾ ഏതൊക്കെയെന്ന് കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) നെടുമൺകാവ് പി. എച്ച്. സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-9-1999 മുതൽ കിടത്തി ചികിത്സ മുടങ്ങിയിരിക്കുകയാണ്.

(ബി) ആവശ്യമായ സ്റ്റാഫിന്റെ കുറവ്

(സി)

1.	സിവിൽ സർജൻ (ജില്ലാ ആശുപത്രിയിൽ വർക്കിംങ് അറേഞ്ച്മെന്റിൽ നിയോഗിച്ചിരിക്കുന്നു)	..	1
2.	അസിസ്റ്റന്റ് സർജൻ	..	2
3.	ഫാർമസിസ്റ്റ്	..	1
3.	ഒപ്താൽമിക് അസിസ്റ്റന്റ്	..	1
5.	ലാബ് ടെക്നീഷ്യൻ	..	1
6.	സ്റ്റാഫ് നേഴ്സ്	..	2
7.	നേഴ്സിംഗ് അസിസ്റ്റന്റ്	..	1
8.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II	..	1

LIBRARY ARCHIVES Kerala Legislative Assembly

9.	ഡ്രൈവർ	—	1
10.	ക്ലാർക്ക്	—	2
11.	ശിപായി	—	1
12.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	—	1
13.	ഹെൽത്ത് ഇൻസ്പെക്ടർ	—	1
14.	ഹെൽത്ത് സൂപ്പർവൈസർ	—	1
15.	ലേഡി ഹെൽത്ത് സൂപ്പർവൈസർ	—	1
16.	ജൂനിയർ പി. എച്ച്. എൻ.	—	8
17.	ജൂനിയർ എച്ച്. ഐ. ഗ്രേഡ്-I	—	2
18.	ജൂനിയർ എച്ച്. ഐ. ഗ്രേഡ്-II	—	4
19.	പാർട്ട് ടൈം സ്വീപ്പർ	—	1
	(ഡി) ക്ലർക്ക്	—	1
	ജൂനിയർ പി. എച്ച്. എൻ.	—	1
	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I	—	1

എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ഇ) അധിക തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

മലപ്പുറം ജില്ലയിലെ ആരോഗ്യ വകുപ്പിൽ ഡ്രൈവർമാരുടെ തസ്തികയിൽ നിയമനത്തിന് നടപടി

151 [1678] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഡ്രൈവർമാരുടെ ഒഴിവുകളുണ്ടോ;

(ബി) എങ്കിൽ എത്ര;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly